**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3632** **12-03-2025 - ൽ മറുപടിയ്ക്ക്**

**എൻ.സി.സി കേഡറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അധ്യയന വർഷം എൻ.സി.സി കേഡറ്റുകൾക്ക് എൻ.സി.സി ഓഫീസർമാർ നൽകിയ റിഫ്രഷ്മെന്റ് ഇനത്തിലെ തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | 2023-24 സാമ്പത്തിക വർഷത്തിൽ എൻ.സി.സി വകുപ്പിന് 2024-00-102-99-00-34-03-NP ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിനു എൻ.സി.സി വകുപ്പിൽ നിന്നും ലഭ്യമായ കത്തിന്മേൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | മുൻകാലങ്ങളിൽ റിഫ്രഷ്മെന്റ് ഇനത്തിൽ ഓരോ കേഡറ്റിനും ഒരു പരേഡിന് എത്ര രൂപയാണ് നൽകിയതെന്ന് അറിയിക്കാമോ; | (ബി) | ഒരു പിരിയിഡിന് 20/-രൂപ നിരക്കിൽ ആണ് റിഫ്രഷ്മെന്റ് അലവൻസ് നൽകുന്നത്. 3 പീരിഡ് ചേരുന്നതാണ് ഒരു പരേഡ് |
| (സി) | ഈ വർഷം കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ഇനത്തിലെ തുകയ്ക്ക് എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; | (സി) | ഈ വർഷം കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ഇനത്തിലെ തുകയിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. |
| (ഡി) | കഴിഞ്ഞ വർഷത്തെ റിഫ്രഷ്മെന്റ് ഇനത്തിലെ കുടിശ്ശിക മുഴുവനായി കോളജുകൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അധിക തുക അനുവദിക്കുന്നതിനു എൻ.സി.സി വകുപ്പിൽ നിന്നും ലഭ്യമായ കത്തിന്മേൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ